## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2359 — 05.02.2018 ൽ മറുപടിക്ക്

## ഗെയിൽ പൈപ്പ് ലൈൻ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ടി.വി. ഇബ്രാഹിം. | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | നിർദ്ദിഷ്ട ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിൽ ഭൂമി സർവ്വെ നടത്തുന്നതും, പൈപ്പ് ലൈൻ പ്രവൃത്തി നടത്തുന്നതും ഭൂവുടമകളുടെ മുൻകൂർ അനുവാദത്തോ ടെയാണോ; ഇതിന് വേണ്ടി ഭൂവുടമകൾക്ക് മുൻകൂർ നോട്ടീസ് നൽകിയിട്ടുണ്ടോ; വിശദമാ ക്കാമോ; | (എ) | നിർദ്ദിഷ്ട ഗെയിൽ പൈപ്പ്ലൈൻ പദ്ധതിയുടെ ഭാഗമായി 3(1) ഗസറ്റ് പ്രസിദ്ധീകരിച്ചതിനു ശേഷം, അതാതു സർവ്വേ നമ്പരിലുള്ള ഭൂവുടമകൾക്ക് നോട്ടീസ് നൽകുകയും, കൂടാതെ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി അതാത് താലൂക്ക് വില്ലേജ് ഓഫീസിലെ നോട്ടീസ് ബോർഡിൽ പതിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതിൻപ്രകാരം തർക്കം ഉന്നയിച്ചിട്ടുള്ള ഭൂവുടമകളെ കോംപീറ്റന്റ് അതോറിറ്റി ഹിയറിങ്ങിനായി വിളിക്കുകയും പരാതിയി മേൽ ഉചിതമായ തീരുമാനമെടുക്കുകയും ചെയ്യുന്നു. ഇതിനുശേഷം 6(1) ഗസറ്റ് വിജ്ഞാപനത്തിനായി കേന്ദ്ര ഗവൺമെന്റിന് അയച്ചു കൊടുക്കുന്നു. 6(1) ഗസറ്റ് വിജ്ഞാപനമാകുന്നതോടുകൂടി ഭൂമിയുടെ ഉപയോഗാവകാശം കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമാകുന്നു. |
| (ബി) | ജനവാസ മേഖലയിലൂടെ ഹൈപ്രഷർ ട്രാൻസ്മിഷൻ ലൈനുകൾ സ്ഥാപി ക്കുന്നത് Petroleum & Mineral Pipelines (P&MP) Act, 1962 പ്രകാരം | (ബി) | 1962 ലെ ആക്ടിലെ എല്ലാ ചട്ടങ്ങളും വ്യവസ്ഥകളും പാലിച്ചുകൊണ്ടാണ് ഗെയിൽ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുന്നതും പൈപ്പ് ലൈൻ വിന്യസിക്കുന്നതും. പ്രസ്തുത |

| | | | |
|---|---|---|---|
| | അനുവദനീയമല്ലെന്നത് ഗെയിൽ പൈപ്പ് ലൈൻ പദ്ധതിക്കും ബാധക മല്ലേയെന്ന കാര്യം വിശദമാക്കാമോ; | | ആക്ടിലെ സെക്ഷൻ 7 പ്രകാരം പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കാവുന്നതാണ്. മാത്രവുമല്ല ജനവാസ മേഖലയിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനോ, വീടുകൾക്ക് അടുത്തുകൂടി പൈപ്പിടുന്നതിനോ യാതൊരു നിയമ തടസ്സവുമില്ലെന്ന് ബഹു.കേരള ഹൈക്കോടതി വകുപ്പ് 7 നിർവ്വചിച്ചുകൊണ്ട് 12.07.2017-ാം തീയതിയിലെ WPC 15412/2017 - ാം നമ്പർ കേസിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുള്ള താണ്. |
| (സി) | ഈ പദ്ധതി പ്രകാരം പൈപ്പ് ലൈൻ സ്ഥാപിക്കുമ്പോൾ ഭൂവുടമകൾക്ക് നഷ്ടപരിഹാരംനൽകുന്നുണ്ടോ; ഭൂമി, കാർഷിക വിളകൾ, മരങ്ങൾ തുടങ്ങിയവയ്ക്ക് പ്രത്യേകം നഷ്ട പരിഹാരമുണ്ടോ; നഷ്ടപരിഹാര ത്തിന്റെ നിരക്ക്, ഭൂമിയിൽ പ്രവൃത്തി നടക്കുന്നതിനു മുമ്പായി ഭൂവുടമ കൾക്ക് നഷ്ടപരിഹാരം നൽകുമോ തുടങ്ങിയ വിശദാംശങ്ങൾ നൽകുമോ? | (സി) | ഉപയോഗാവകാശം ഏറ്റെടുത്തിട്ടുള്ള 20 മീറ്റർ ഭൂമിയിലെ കാർഷിക വിളകൾക്കും ചമയങ്ങൾക്കുമുള്ള നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിലേക്കായി പി & എം പി ആക്ട് & റൂൾ 4 പ്രകാരം കോംപീറ്റന്റ് അതോറിറ്റി വിവിധ സർക്കാർ ഏജൻസികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും വില വിവരപ്പട്ടിക സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നിർണ്ണയിക്കുകയും ചെയ്യുന്നു.<br><br>ഉപയോഗാവകാശം ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് പി & എം പി ആക്ട്, 1962 സെക്ഷൻ 10(4) പ്രകാരം ഭൂമിയുടെ 3(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച തീയ്യതിക്ക് ഉണ്ടായിരുന്ന മാർക്കറ്റ് വിലയുടെ 10 % നൽകേണ്ടതാണ്. എന്നാൽ ഈ നഷ്ടപരിഹാരം വളരെ കുറഞ്ഞുപോയി എന്ന പരാതി ഉയർന്നതിനാൽ സർക്കാർ നഷ്ടപരിഹാര ത്തുക വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കി. ആയതിൻപ്രകാരം ഭൂമിയുടെ നഷ്ടപരിഹാര മായി പൈപ്പ് ലൈൻ സ്ഥാപിച്ച 10 മീറ്റർ ഭൂമിയുടെ നിലവിലുള്ള 100% ന്യായവിലയും |

| | | | |
|---|---|---|---|
| | | | നൽകിവരുന്നു.<br><br>ഭൂമിയുടേയും വിളകളുടേയും നഷ്ടപരിഹാരം പി & എം പി ആക്ട് പ്രകാരം പണി ആരംഭിച്ചതിനുശേഷം കണക്കാക്കി ഭൂവുടമയ്ക്ക് നൽകുന്നതാണ്. |

Bindu. T

**സെക്ഷൻ ഓഫീസർ**